# എഞ്ചിനിയറിംഗ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടി യോഗ്യതാ പരീക്ഷാ മാർക്ക് ഓൺലൈനായി സമർപ്പിക്കുക

- എഞ്ചിനിയറിം പ്രവേശന പരീക്ഷയ്ക്കു ലഭിച്ച സ്കോറിനും പ്ലസ് ടൂ രണ്ടാം വർഷം ഫിസിസ്ക്, കെമിസ്ട്രി, മാത്തമാറ്റിക്സ്, എന്നീ വിഷയങ്ങൾക്കു ലഭിച്ച മാർക്കിനും തുല്യ പരിഗണന നല്കിയാണ് എഞ്ചിനിയറിംഗ് റാങ്ക് നിർണയിക്കുന്നത്.
- 2018 - ലെ എഞ്ചിനിയറിംഗ് പ്രവേശനപരീക്ഷയിൽ യോഗ്യ നേടിയ വിദ്യാർഥികൾക്കാണ് മാർക്ക് സമർപ്പിക്കാൻ അവസരം.
- KEAM2018-Candidate Portal ലോഗിൻ ചെയ്ത് Mark Submission for Engineering എന്ന മെനു തെരഞ്ഞെടുക്കുക.
- യോഗ്യതാ പരീക്ഷയുടെ (പ്ലസ് ടു അഥവാ തതുല്യം) ബോർഡ്, പാസായ വർഷം, രജിസ്റ്റർ നമ്പർ എന്നിവ കൃത്യമായി നൽകുക.

  ഒട്ടുമിക്ക ബോർഡുകളുടെയും വിദ്യാർഥികളുടെ മാർക്കിന്റെ വിശദാംശം ഈ ഓഫീസിൽ ലഭ്യമാണ്.

### പ്ലസ് ടു മാർക്ക് വിവരം ഈ ഓഫീസിൽ ലഭ്യമാണെങ്കിൽ

- ബോർഡിൽ നിന്നു ലഭ്യമായ മാർക്കിന്റെ വിശദാംശം സ്ക്രീനിൽ ദൃശ്യമാകുന്നതാണ്.
- പ്രസ്തുത വിശദാംശം നിങ്ങളുടെ അസൽ മാർക്ക് ഷീറ്റുമായി ഒത്തുനോക്കി ശരിയാണെന്ന് ഉറപ്പുവരുത്തുക
- രണ്ടു മാർക്ക് വിവരങ്ങളും യോജിക്കുന്നുവെങ്കിൽ Finalize Mark Data എന്ന മെനു ക്ലിക് ചെയ്ത് മാർക്ക് സമർപ്പണം പൂർത്തിയാക്കുക. ഈ വിദ്യാർഥികൾ മാർക്ക് ഷീറ്റ് അപ് ലോഡ് ചെയ്യേണ്ടതില്ല.
- സ്ക്രീനിൽ ദൃശ്യമായ മാർക്കും അസൽ മാർക്ക് ഷീറ്റിലെ വിവരവും വ്യത്യസ്തമാണെങ്കിൽ (ഉദാ: ഇംപ്രൂവ്മെന്റ് മാർക്ക്) ആയത് തിരുത്തി തെളിവായി മാർക്ക് ഷീറ്റ് അപ്‌ലോഡ് ചെയ്യേണ്ടതാണ്.

### പ്ലസ് ടു മാർക്ക് വിവരം ഈ ഓഫീസിൽ ലഭ്യമല്ലെങ്കിൽ

- വിദ്യാർഥി തന്നെ എല്ലാ വിവരങ്ങളും കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.
- Finalize Mark Data എന്ന മെനു ക്ലിക് ചെയ്ത് മാർക്ക് സമർപ്പിക്കുക.
- തെളിവായി മാർക്ക് ഷീറ്റ് അപ്‌ലോഡ് ചെയ്യുകയും വേണം.

### ശ്രദ്ധിക്കുക:

- പ്ലസ്ടു പരീക്ഷയ്ക്ക് ഓരോ വിഷയത്തിനും ലഭിച്ച മാർക്ക് പോലെ തന്നെ വളരെയധികം പ്രാധാന്യമുള്ളതാണ് ബോർഡിന്റെ പേര്, പാസായ വർഷം, ഓരോ വിഷയത്തിനും ബോർഡ് കണക്കാക്കിയിരിക്കുന്ന പരമാവധി മാർക്ക് എന്നിവ. അതിനാൽ കൃത്യത ഉറപ്പുവരുത്തുക.
- അഡ്മിഷൻ സമയത്ത് അസ്സൽ മാർക്ക് ഷീറ്റ് ഹാജരാക്കേണ്ടതാണ്. എഞ്ചിനിയറിംഗ് റാങ്ക് തയ്യാറാക്കാൻ ഉപയോഗിച്ച മാർക്ക്, അസൽ മാർക്ക് ഷീറ്റുമായി ഒത്തു നോക്കി ശരിയാണെന്നു ബോധ്യപ്പെട്ട ശേഷം മാത്രമേ അഡ്മിഷൻ നൽകുകയുള്ളൂ.

## മാർക്ക്ഷീറ്റ് അപ്‌ലോഡ് ചെയ്യുന്നതിനുള്ള മാർഗരേഖ

- പി.ഡി.എഫ് രൂപത്തിലുള്ള മാർക്ക് ഷീറ്റാണ് അപ്‌ലോഡ് ചെയ്യേണ്ടത്.
- ഫയൽ സൈസ് പരമാവധി 300 KB വരെയാകാം.
- അപ്‌ലോഡ് ചെയ്യുന്ന മാർക്ക് ഷീറ്റ് വ്യകതവും പൂർണവുമായിരിക്കണം.
- ഒന്നിൽ കൂടുതൽ മാർക്ക്ഷീറ്റ് ഉൾപ്പെടുത്തേണ്ടതുണ്ടെങ്കിൽ,
  ഒറ്റ ഫയലായി കൂട്ടിച്ചേർത്ത് അപ്‌ലോഡ് ചെയ്യേണ്ടതാണ്.
- അപ്‌ലോഡ് ചെയ്യുന്ന മാർക്ക്ഷീറ്റിന്റെ കൃത്യത വിദ്യാർഥി ഉറപ്പുവരുത്തേണ്ടതാണ്.
- വ്യാജമായതോ കൃത്യമമായി തിരുത്തൽ വരുത്തിയതോ ആയ മാർക്ക്ഷീറ്റ് അപ്‌ലോഡ് ചെയ്താൽ അയോഗ്യതയാകുന്നതാണ്.
- അപ്‌ലോഡ് ചെയ്യുന്ന മാർക്ക്ഷീറ്റിന്റെ ഒറിജിനൽ അഡ്മിഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്.

## Guidelines for Uploading Marksheet

- The Marksheet uploaded should be in PDF format.
- The file size should be below 300 KB.
- The Marksheet in the PDF format should be clear to read and fully visible.
- If morethan one marksheet need to be attached,
  combine all the marksheets into a single PDF file and upload the same.
- Candidate should ensure the correctness of the mark sheet uploaded.
- Uploading bogus/tampered marksheet may lead to disqualification.
- Originals of the uploaded marksheet shall be produced at the time of admission.